**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 173** **01-09-2022 - ൽ മറുപടിയ്ക്ക്**

**ആംബുലൻസുകളിൽ ഓക്സിജൻ ലഭ്യത ഉറപ്പുവരുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവല്ല താലൂക്ക് ആശുപത്രിയിൽ നിന്ന് ആലപ്പുഴ മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്ത രോഗി ആംബുലൻസിൽ ഓക്സിജൻ കിട്ടാതെ മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | **രാജൻ, 62 വയസ്സ്, പുത്തൻഉണ്ടിയിൽ, കല്ലിങ്കൽ (പി.ഒ), തിരുവല്ല എന്ന വ്യക്തിയെ രണ്ട് ദിവസമായി പനിയും പെട്ടെന്നുണ്ടായ ശ്വാസംമുട്ടലിനെയും തുടർന്ന് തിരുവല്ല താലൂക്കാസ്ഥാന ആശുപത്രിയിൽ ആഗസ്റ്റ് 15-ന് 12.05 AMന് എത്തിക്കുകയും. അത്യാഹിത വിഭാഗത്തിൽ അടിയന്തിര പരിശോധനയും ചികിത്സയും നൽകുകയും ചെയ്തു. രോഗിയുടെ രക്തത്തിലെ ഓക്സിജന്റെ അളവ് അപകടമാംവിധം (38%) താഴ്ന്നിരുന്നു. അത്യാഹിത വിഭാഗത്തിൽ വച്ച് ഓക്സിജനും മറ്റ് ജീവൻരക്ഷാമരുന്നുകളും നൽകിയിട്ടും ഓക്സിജന്റെ അളവ് 80%-ന്റെ മുകളിലേയ്ക്ക് ഉയരുകയുണ്ടായില്ല. ഇതേ തുടർന്ന് രോഗിയെ വിദഗ്ധ ചികിത്സയ്ക്കായി മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യാൻ തീരുമാനിക്കുകയും അടിസ്ഥാന ജീവൻരക്ഷാ സംവിധാന സൗകര്യമുള്ള (BLS) കനിവ് ആംബുലൻസ് മറ്റൊരു രോഗിയേയും കൊണ്ട് മെഡിക്കൽ കോളേജിലേയ്ക്ക് പോയിട്ടുണ്ടായതിനാൽ ആരോഗ്യ വകുപ്പ് അനുവദിച്ച KL01 BE 7015 എന്ന ഓക്സിജൻ സൗകര്യമുള്ള ആംബുലൻസിൽ രോഗിയെ അയക്കാൻ ഏർപ്പാടാക്കുകയാണ് ഉണ്ടായിട്ടുള്ളത്. രോഗിയെ ആംബുലൻസിൽ കയറ്റിയ വേളയിൽ ആംബുലൻസിലെ ഓക്സിജൻ സിലിണ്ടറിലെ ഓക്സിജന്റെ അളവ് കുറവായിരുന്നു എന്ന് ഡ്രൈവർ സൂചിപ്പിച്ചതിനെ തുടർന്ന് അത്യാഹിത വിഭാഗം നേഴ്സിംഗ് ആഫീസർ ടി വിഭാഗത്തിൽ സൂക്ഷിച്ചുവച്ചിരുന്ന ബി-ടൈപ്പ് സിലിണ്ടർ സെക്യൂരിറ്റി മുഖാന്തരം ആംബുലൻസിൽ എത്തിച്ചു നൽകുകയും ഡ്രൈവർ, ഓക്സിജൻ സിലിണ്ടർ മാറ്റി ഘടിപ്പിച്ച് രോഗിക്ക് Nonrebreathable mask മുഖാന്തരം മിനിട്ടിൽ 10 ലിറ്റർ എന്ന നിരക്കിൽ ഓക്സിജൻ നൽകുകയും ചെയ്തിരുന്നു. രോഗിക്ക് യാത്രാമദ്ധ്യേ ശ്വാസംമുട്ട് കലശലാവുകയും, രോഗി** |

| | | | |
|---|---|---|---|
| | | | **ഗുരുതരാവസ്ഥയിലാകുകയും ചെയ്തു. രോഗിയെ തിരുവല്ലാ താലൂക്ക് ആശുപത്രിയിൽ നിന്ന് റഫർ ചെയ്ത് ആലപ്പുഴ മെഡിക്കൽ കേളേജ് കാഷ്വാലിറ്റിയിൽ 1.10 AM ന് എത്തിക്കുകയും ഉടനടി വെന്റിലേറ്ററിൽ ഘടിപ്പിക്കുകയും മറ്റ് ആവശ്യമായ എമർജൻസി മരുന്നുകൾ നൽകുകയും ചെയ്തിരുന്നു. അടിയന്തിര ശിശ്രൂഷ നൽകുന്നതിനിടയിൽ തന്നെ രോഗി 1.40 AM -ന് മരണപ്പെട്ടു.**<br><br>ഇക്കാര്യം സംബന്ധിച്ച് പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസർ, അഡിഷണൽ ഡയറക്ടർ (വിജിലൻസ്), ആലപ്പുഴ മെഡിക്കൽ കോളേജ് ഡെപ്യൂട്ടി സൂപ്രണ്ട് എന്നിവർ പ്രാഥമികാന്വേഷണം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബന്ധുക്കൾ പത്തനംതിട്ട തിരുവല്ല പുളിക്കീഴ് പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിന്മേൽ പോലീസ് അന്വേഷണവും നടന്നു വരുന്നുണ്ട്. |
| (ബി) | പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | **രാജൻ, 62 വയസ്സ്, പുത്തൻതുണ്ടിയിൽ, കല്ലിങ്കൽ (പി.ഒ), തിരുവല്ല എന്ന വ്യക്തിയെ രണ്ട് ദിവസമായി പനിയും പെട്ടെന്നുണ്ടായ ശ്വാസംമുട്ടലിനെയും തുടർന്ന് തിരുവല്ല താലൂക്കാസ്ഥാന ആശുപത്രിയിൽ ആഗസ്റ്റ് 15-ന് 12.05 AMന് എത്തിക്കുകയും. അത്യാഹിത വിഭാഗത്തിൽ അടിയന്തിര പരിശോധനയും ചികിത്സയും നൽകുകയും ചെയ്തു. രോഗിയുടെ രക്തത്തിലെ ഓക്സിജന്റെ അളവ് അപകടമാംവിധം (38%) താഴ്ന്നിരുന്നു. അത്യാഹിത വിഭാഗത്തിൽ വച്ച് ഓക്സിജനും മറ്റ് ജീവൻരക്ഷാമരുന്നുകളും നൽകിയിട്ടും ഓക്സിജന്റെ അളവ് 80%-ന്റെ മുകളിലേയ്ക്ക് ഉയരുകയുണ്ടായില്ല. ഇതേ തുടർന്ന് രോഗിയെ വിദഗ്ദ്ധ ചികിത്സയ്ക്കായി മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യാൻ തീരുമാനിക്കുകയും അടിസ്ഥാന ജീവൻരക്ഷാ സംവിധാന സൗകര്യമുള്ള (BLS) കനിവ് ആംബുലൻസ് മറ്റൊരു രോഗിയേയും കൊണ്ട് മെഡിക്കൽ കോളേജിലേയ്ക്ക് പോയിട്ടുണ്ടായതിനാൽ ആരോഗ്യ വകുപ്പ് അനുവദിച്ച KL01 BE 7015 എന്ന ഓക്സിജൻ സൗകര്യമുള്ള ആംബുലൻസിൽ രോഗിയെ അയക്കാൻ ഏർപ്പാടാക്കുകയാണ് ഉണ്ടായിട്ടുള്ളത്. രോഗിയെ ആംബുലൻസിൽ കയറ്റിയ വേളയിൽ ആംബുലൻസിലെ ഓക്സിജൻ സിലിണ്ടറിലെ ഓക്സിജന്റെ അളവ് കുറവായിരുന്നു എന്ന് ഡ്രൈവർ സൂചിപ്പിച്ചതിനെ തുടർന്ന് അത്യാഹിത വിഭാഗം നേഴ്സിംഗ് ആഫീസർ ടി വിഭാഗത്തിൽ സൂക്ഷിച്ചുവച്ചിരുന്ന ബി-ടൈപ്പ് സിലിണ്ടർ സെക്യൂരിറ്റി മുഖാന്തരം ആംബുലൻസിൽ എത്തിച്ച** |

| | | | |
|---|---|---|---|
| | | | **നൽകുകയും ഡ്രൈവർ, ഓക്സിജൻ സിലിണ്ടർ മാറ്റി ഘടിപ്പിച്ച് രോഗിക്ക് Nonrebreathable mask മുഖാന്തരം മിനിട്ടിൽ 10 ലിറ്റർ എന്ന നിരക്കിൽ ഓക്സിജൻ നൽകുകയും ചെയ്തിരുന്നു. രോഗിക്ക് യാത്രാമദ്ധ്യേ ശ്വാസംമുട്ട് കലശലാവുകയും, രോഗി ഗുരുതരാവസ്ഥയിലാകുകയും ചെയ്തു. രോഗിയെ തിരുവല്ലാ താലൂക്ക് ആശുപത്രിയിൽ നിന്ന് റഫർ ചെയ്ത് ആലപ്പുഴ മെഡിക്കൽ കേളേജ് കാഷ്വാലിറ്റിയിൽ 1.10 AM ന് എത്തിക്കുകയും ഉടനടി വെന്റിലേറ്ററിൽ ഘടിപ്പിക്കുകയും മറ്റ് ആവശ്യമായ എമർജൻസി മരുന്നുകൾ നൽകുകയും ചെയ്തിരുന്നു. അടിയന്തിര ശിശ്രൂഷ നൽകുന്നതിനിടയിൽ തന്നെ രോഗി 1.40 AM -ന് മരണപ്പെട്ടു.**<br><br>ഇക്കാര്യം സംബന്ധിച്ച് പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസർ, അഡിഷണൽ ഡയറക്ടർ (വിജിലൻസ്), ആലപ്പുഴ മെഡിക്കൽ കോളേജ് ഡെപ്യൂട്ടി സൂപ്രണ്ട് എന്നിവർ പ്രാഥമികാന്വേഷണം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബന്ധുക്കൾ പത്തനംതിട്ട തിരുവല്ല പുളിക്കീഴ് പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിന്മേൽ പോലീസ് അന്വേഷണവും നടന്നു വരുന്നുണ്ട്. |
| (സി) | സർക്കാർ ആശുപത്രികളിലെ ആംബുലൻസുകളിൽ മതിയായ ഓക്സിജൻ സിലിണ്ടറുകൾ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് ആരുടെ ചുമതലയാണെന്ന് അറിയിക്കാമോ; | (സി) | സർക്കാർ ആശുപത്രികളിലെ ആംബുലൻസുകളിൽ ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തേണ്ട പ്രാഥമിക ചുമതല അത്യാഹിത വിഭാഗം/ഒ.പി. നഴ്സിംഗ് ഓഫീസർക്കും മേൽനോട്ട ചുമതല ആർ.എം.ഒ/ സൂപ്രണ്ട് എന്നിവർക്കാണ്. |
| (ഡി) | സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ, ഗുരുതരാവസ്ഥയിൽ<br><br>വിദഗ്ധ ചികിത്സയ്ക്കായി റഫർ ചെയ്യുന്ന രോഗിയുടെ അവസ്ഥ കണക്കിലെടുത്ത് ഡോക്ടർ/നേഴ്സിംഗ് ഓഫീസർ രോഗിയെ അനുഗമിക്കണമെന്നും, സർക്കാർ ആശുപത്രികളിൽ ഉപയോഗിക്കുന്ന ആംബുലൻസുകളിലെ ഓക്സിജൻ ഉൾപ്പെടെയുള്ള ജീവൻരക്ഷാ സംവിധാനങ്ങളുടെയും മരുന്നുകളുടെയും ലഭ്യതയും ഉപയോഗക്ഷമതയും സ്ഥാപനമേധാവി/ ആർ.എം.ഒ. യുടെ മേൽനോട്ടത്തിൽ അത്യാഹിത വിഭാഗം/ഒ.പി. നേഴ്സിംഗ് ആഫീസർ ഉറപ്പ വരുത്തേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. അന്നേ ദിവസം ആംബുലൻസിൽ ഡ്രൈവറായി ചുമതലയുണ്ടായിരുന്ന ഡ്രൈവർ-നെ അടിയന്തിരമായി ഡ്യൂട്ടിയിൽ നിന്നും അന്വേഷണ വിധേയമായി മാറ്റി നിർത്തുന്നതിനും നിർദ്ദേശം നൽകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ